കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്ങളായി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെഎസ്എ/കെഎൻആർ-സി.3/2187/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കണ്ണൂർ-670 001.
E-mail:lfaddistofficeknr@gmail.com
Phone: 0497 2707698

തീയതി: 07-02-17.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),
ചെങ്ങളായി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം- ചെങ്ങളായി ഗ്രാമപഞ്ചായത്ത്-2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

***************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത്‌രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

PVP

നം.കെഎസ്എ/കെഎൻആർ/സി.3/2187/2016.

തീയതി : 07-02-2017.

## കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

### ആമുഖം

ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015 മുതൽ 03-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ്നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.12.2016 മുതൽ 19.12.2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.അശോകൻ മാത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ. |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|

| | |
|---|---|
| ശ്രീ.കെ.വി സുരേഷ് ബാബു | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.റീന പിട്ടൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സബിത കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.മിനേഷ് | 01-04-2015 മുതൽ 11-11-2015 വരെ |
| | അഡ്വ.കെ.കെ.രത്നകുമാരി | 07-12-2015 മുതൽ 31-03-2016 വരെ |
| 2010 വർഷത്തിൽ നിലവിൽ വന്ന ഭരണസമിതിയുടെ കാലാവധി 2015 നവംബർ 30 വരെ ഉണ്ടായിരുന്നു. പ്രസിഡണ്ട് ഉൾപ്പെടെ 10 പേർ 11-11-15-ന് രാജി വയ്ക്കുകയുണ്ടായി. എന്നാൽ ഭരണസമിതിയുടെ കാലാവധി 2015 നവംബർ 30 വരെ ഉള്ളതിനാൽ 8 പേർ രാജി വെച്ചിരുന്നില്ല. പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെയും തെരഞ്ഞെടുപ്പ് കമ്മീഷനെയും അറിയിച്ചിരുന്നതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 01-12-15-ന് പുതിയ ഭരണ സമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുകയും 07-12-15-ന് പുതിയ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുകയുമുണ്ടായി. | | |
| സെക്രട്ടറി | ശ്രീ.എം.പി. മോഹനൻ | 01-04-2015 മുതൽ 04-08-2015 FN വരെ |
| | ശ്രീ.കെ.വി. ഹരിദാസ് | 04-08-15 AN മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ഉല്ലാസൻ.സി.പി | 01-04-2015 മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബിജു ജോസഫ് | 01-04-2015 മുതൽ 31-03-2016 വരെ |
| വി ഇ ഒ, ചുഴലി | ശ്രീ.രാജീവൻ.കെ | 01-04-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| വി ഇ ഒ, ചെങ്ങളായി | മോഹൻകുമാർ.എൻ.വി | 01-04-1205 മുതൽ 05-10-2015 വരെ |
| | ശ്രീ.രാജീവൻ.കെ | 06-10-2015 മുതൽ 10-03-2016 വരെ (അധിക ചുമതല) |
| | ബിന്ദു.കെ.കെ | 11-03-2016 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രാധ.കെ | 01-04-2015 മുതൽ 20-08-2015 വരെ |
| | ശ്രീമതി. ജയമിനി.കെ | 21-08-2015 മുതൽ 28-12-2015 വരെ |
| | ശ്രീമതി. ചിത്രലേഖ എ.പി | 29-12-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ:ജസീർ അബ്ദുൾകാദർ | 01-04-2015 മുതൽ 29-05-2015 വരെ |
| | ഡോ:രശ്മി മാത്യൂ | 30-05-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ:ജയപ്രകാശൻ എൻ.വി | 01-04-2015 മുതൽ 07-07-2015 വരെ |
| | ഡോ:അനുപമ | 08-07-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ:ജിൻസാ ജോർജ്ജ് | 01-04-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ വി.എൻ. സജി | 01-04-2015 മുതൽ 20-08-2015 FN വരെ |
| | ശ്രീ.ഷാജികുമാർ.പി.ആർ | 20-08-2015 AN മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എം.പി. മോഹനൻ | 01-04-2015 മുതൽ 04-08-2015 FN വരെ |
| | ശ്രീ.കെ.വി. ഹരിദാസ് | 04-08-2015 AN മുതൽ 31-03-2016 വരെ |

ഉള്ളടക്കം



| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 –പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |

| | |
|---|---|
| 1-11 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-13 | ഗ്രാമസഭ |
| 1-14 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ പ്രവർത്തനം നിഷ്ക്രിയമാവുന്നു |
| 1-15 | ഭൂസ്വത്തുക്കളുടെ പരിപാലനത്തിൽ വീഴ്ചകൾ:നികുതി ഒടുക്കുന്നതിനും പുഴപുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്. |
| | ഭാഗം-2 - വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 17,600 രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല |
| 2-2 | കച്ചവട സ്ഥാപനങ്ങൾക്ക് സാനിറ്റേഷൻ സർട്ടിഫിക്കറ്റില്ലാതെ ഡി&ഒ ലൈസൻസ് നൽകിയത് ക്രമപ്രകാരമല്ല |
| 2-3 | ലൈബ്രറി രശീത് വരവ് പഞ്ചായത്തിൽ ഫണ്ടിൽ കൃത്യമായി ഒടുക്കുന്നില്ല |
| | ഭാഗം-3<br>ചെലവു കണക്കുകളിൻമേലുള്ളഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 1,00,000/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-2 | തെയ്യം കലാകാരന്മാർക്ക് അണിയലം വാങ്ങുന്നതിന് ധനസഹായം നൽകൽ-അധികസബ്സിഡി അനുവദനീയമല്ല. 34,487/- രൂപയുടെ ചെലവ് നിരാകരിക്കുന്നു |
| 3-3 | ഐ.എ.വൈ. പഞ്ചായത്ത് വിഹിതം നല്കൽ - തുക യഥാർത്ഥത്തിൽ വിനിയോഗിക്കാതെ വിനിയോഗ സാക്ഷ്യപത്രം നല്കിയത് |

| | |
|---|---|
| | |
| 3-4 | ചേരമൂല-ചെമ്പിലേരി റോഡ് ബി.ടി പാച്ച് വർക്ക് -കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ് |
| 3-5 | പൊതുമരാമത്ത് പ്രവൃത്തികൾ: പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ഈടാക്കാത്തതും മറ്റ് അപാകങ്ങളും |
| 3-6 | അസിസ്റ്റന്റ് എഞ്ചിനീയർ-രജിസ്റ്ററുകൾ ഹാജരാക്കിയില്ല |
| 3-7 | സർക്കാർ അനുമതിയില്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ലാപ് ടോപ് വാങ്ങിയത് ക്രമപ്രകാരമല്ല.1,01,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | പാടശേഖര സമിതിയുടെ അക്കൗണ്ടിലേക്ക് നൽകിയ സബ്സിഡിയുടെ വിതരണവിവരം ഹാജരാക്കിയില്ല- 3,98,640/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | വാഴകൃഷി, പച്ചക്കറി കൃഷി വികസന പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- 2,98,546/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-10 | പശ്ചിമഘട്ട വികസനപദ്ധതിയിലെ അപാകങ്ങൾ: ഗ്രാമപഞ്ചായത്ത് വിഹിതം ഇനത്തിലുള്ള 6,92,125/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-11 | അംഗൻവാടികളിലേക്കുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണം-ട്രാൻസ്പോർട്ട് കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല |
| 3-12 | മുച്ചക്രവാഹന വിതരണം-ഡ്രൈവിംഗ് ലൈസൻസില്ലാത്ത ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയത് ക്രമപ്രകാരമല്ല. 1,39,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-13 | പ്രത്യേക കേന്ദ്രസഹായം ഫണ്ട് (എസ്.സി.എ ഫണ്ട്)-അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 2,83,358/- രൂപയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിലില്ല |

| | |
|---|---|
| 3-14 | ആശ്രയ ചികിത്സ ഫണ്ടിനത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച 75,000/- രൂപ ചെലവഴിക്കാതെ കിടക്കുന്നു |
| 3-15 | പാലിയേറ്റീവ് പരിചരണം :- ഭക്ഷണ ചെലവ്, വണ്ടി വാടക ഇനത്തിൽ സർക്കാർ നിശ്ചയിച്ച തുകയെക്കാൾ അധികം നൽകി 23,130/- രൂപ തടസ്സപ്പെടുത്തുന്നു |
| 3-16 | ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി – തിരിച്ചടച്ച തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചത് ശരിയല്ല |
| 3-17 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത്-സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ് |
| | ഭാഗം-4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| | അനുബന്ധം |

| | |
|---|---|
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം-3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം-4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 26-03-2015 തീയതിയിലെ 43/15 തീരുമാനപ്രകാരം അംഗീകരിച്ചു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+),(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 1,84,12,409 | 3,82,75,136 | 1,98,62,727 | | |
| വരവ് | 12,52,73,000 | 4,72,69,188 | | 7,80,03,812 | (-)62.27 |
| ആകെ | 14,36,85,409 | 8,55,44,324 | | 5,81,41,085 | |
| ചെലവ് | 13,87,85000 | 6,31,27,909 | | 7,56,57,091 | (-)54.51 |
| നീക്കീയിരിപ്പ് | 49,00,409 | 2,24,16,415 | | 1,75,16,006 | |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിതവരവിനെക്കാൾ 62.27 ശതമാനം കുറവാണ് യഥാർത്ഥ വരവ്. യഥാർത്ഥ ചെലവ് പ്രതീക്ഷിത ചെലവിനെക്കാൾ 54.51 ശതമാനമാണ് കുറവുള്ളത്. വരവ്-ചെലവുകൾ പെരുപ്പിച്ച് കാണിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥ്യ ബോധത്തോടെയും ശാസ്ത്രീയമായും ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-07-2016 | 20-06-16 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി C3/2187/16 |
|---|---|---|
| 2015-16 | 16-12-16 മുതൽ 17-12-16 വരെ | വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം (Qualified Certificate) |

വാർഷിക കണക്കിലെ അപാകതകൾ:

1) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ 5 ലക്ഷത്തിലധികം വരുന്ന നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ₹17,600 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുണ്ടെങ്കിലും അയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ബി 11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള തുകയും ധനകാര്യപത്രികയിലെ അഡ്വാൻസ് തുകയും പൊരുത്തപ്പെടുന്നില്ല.

6) B-17 പ്രകാരം ദുരിതാശ്വാസ നിധി അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകയും B-2 ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.
7) ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,82,75,136 |
| വരവ് | 4,72,69,188 |
| ആകെ | 8,55,44,324 |
| ചെലവ് | 6,31,27,909 |
| നീക്കിയിരിപ്പ് | 2,24,16,415 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 3611015 | 1256234 | 14496327 | 9629078 | 14496327 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി) | 18,46,703 | 3045106 | 3541132 | -1350677 | 3541132 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി) | 7219 | 19100 | 26319 | -7219 | 19100 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 88045 | 4290401 | 4378446 | | 4378446 | 0 | 100 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 1202302 | 1099802 | 2302104 | | 2302104 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 23,45,500 | 5298229 | 7643729 | -4448876 | 3194853 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 38,22,306 | 3685856 | 7508162 | -3822306 | 3685856 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 20885498 | 20885498 | | 20884600 | 898 | 99.99 |
| ബി ഫണ്ട് | 0 | 36226919 | 36226919 | | 36226919 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-2016 | 171 | 5,53,10,913 | 90 | 3,05,00,031 | 40 | 41 | 52.63 |

# 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| വർഷം | 2014-2015 | 2015-16 | ശതമാനം |
|---|---|---|---|
| ഇനം | | | |
| നികുതി വരവുകൾ | 43,47,462 | 29,27,613 | (-)32.66 |
| നികുതിയേതര വരവുകൾ | 24,21,182 | 14,92,846 | (-)38.34 |
| മറ്റു വരവുകൾ | 218020 | 1,64,310 | (-)24.64 |
| ആകെ | 6986664 | 45,84,769 | (-)34.38 |

ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനത്തിൽ 2015-16 വർഷത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് തൻവർഷം 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| തൊഴിൽ രഹിത വേതനം | 4,59,840 | 10 | 279 |
| കർഷകതൊഴിലാളി പെൻഷൻ | 69,43,260 | | 753 |
| വിധവാ പെൻഷൻ | 1,29,59,280 | | 1143 |
| വാർദ്ധക്യകാല പെൻഷൻ | 1,09,39,800 | | 1261 |
| വികലാംഗ പെൻഷൻ | 41,18,860 | | 348 |
| വിവാഹ ധനസഹായം | 2,10,000 | | 7 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,02,720 | | 44 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-12-2016-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,051/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. എം.ഒ.പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എം ഒ പി 154(2) പ്രകാരം സുക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചുവരുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 156,157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വെ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ

രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തികവർഷ കാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല.

## 1-11 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച.

06.08.2012-ലെ സ.ഉ.(കൈ)നം.212/12, 18.07.2013 ലെ സ.ഉ.(കൈ) നം.255/13 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ ആസ്തികളും സുചിത്ര സോഫ്റ്റ്‌വെയർ മുഖേന രേഖപ്പെടുത്തേണ്ടതും നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നും ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ പ്രസ്തുത ആസ്തി രജിസ്റ്റർ ശില്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡാറ്റാബേസിന് ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തികളിൽ കാലികമായ മാറ്റം വരുത്തി സാക്ഷ്യപ്പെടുത്തുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ 2012-13 സാമ്പത്തികവർഷം മുതലുള്ള പ്രവൃത്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഏത് ആസ്തികളിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത് ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കേ പ്രസ്തുത രജിസ്റ്റർ കുറ്റമറ്റതാക്കാത്തത് വീഴ്ചയായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ആസ്തി രജിസ്റ്ററിൽ കാലികമായ മാറ്റങ്ങൾ വരുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-11-2016 | 01-08-16 മുതൽ 31-10-16 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-07-2006 മുതൽ 10-08-2006 വരെ | 1997-98 മുതൽ 2005-06 വരെ | നമ്പർ.എൽ.ബി.എ.(എച്ച്-ക്യൂ)/8എ-1022/644 തീയതി 20-09-2006 |

## 1-13 ഗ്രാമസഭ

കേരളാ പഞ്ചായത്ത്‌രാജ് ആക്റ്റ്, വകുപ്പ് 3 അനുസരിച്ച് മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ രണ്ട് തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്.

2015-16 വർഷത്തെ കരട് പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും ചേർന്നത് 2015 ജനവരി മാസത്തിലാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ഗ്രാമസഭ ചേർന്നത് 2015 ജൂലൈ മാസത്തിലാണ്. പിന്നീട് ഗ്രാമസഭകൾ ചേർന്നത് 2016 ജനവരി/ഫെബ്രുവരി മാസത്തിൽ മാത്രമാണ്.

ഓഡിറ്റ് വർഷങ്ങളിൽ ചേർന്ന ഗ്രാമസഭകളിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ സാധിച്ചിട്ടില്ല. ഓരോ തലത്തിലെയും പെൻഷനുകൾ സംബന്ധിച്ച് വ്യാപകമായ പ്രചാരണം ഗ്രാമസഭാതലത്തിൽ നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പെൻഷനുകൾക്ക് വേണ്ടി ലഭിച്ച അപേക്ഷകൾ, അർഹത നിശ്ചയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിക്കപ്പെട്ട, തിരസ്കരിച്ച അപേക്ഷകൾ എന്നിവയുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതിന്റെ രേഖപ്പെടുത്തലുകളൊന്നും ഗ്രാമസഭാ മിനുട്സിൽ വരുത്തിയിട്ടില്ല.

## 1-14 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ പ്രവർത്തനം നിഷ്ക്രിയമാവുന്നു.

ചെങ്ങളായി ഗ്രാമപഞ്ചായത്ത് സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ ആശുപത്രി വികസന സമിതി 17-02-2003-ന് രൂപീകരിക്കുകയുണ്ടായി. വികസന സമിതിയുടെ പേരിൽ ചെങ്ങളായി സർവീസ് സഹകരണ ബാങ്കിൽ 12-03-2003-ന് അക്കൗണ്ട് ആരംഭിക്കുകയും (111/-രൂപ) ചെയ്തിട്ടുണ്ട് (അക്കൗണ്ട് നമ്പർ 4907). ഏറ്റവും ഒടുവിലായി ആശുപത്രി വികസന സമിതി യോഗം ചേർന്നത് 21-12-2007-ലാണ്. 21-12-2007-ലെ യോഗ തീരുമാന പ്രകാരം ആശുപത്രി വികസനങ്ങൾക്കാവശ്യമായ ഫണ്ട് സംഭാവന വഴി സ്വരൂപിക്കുവാനും ആശുപത്രിയിൽ ഇതിനായി ഭണ്ഡാരപ്പെട്ടി സ്ഥാപിക്കുവാനും അമ്പത് രൂപ വരെ പെട്ടിയിൽ നിക്ഷേപിക്കുവാനും അമ്പത് രൂപക്ക് മുകളിൽ രസീത് നൽകുവാനും മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ വികസന സമിതിയുടെ അക്കൗണ്ടിൽ അക്കൗണ്ട് ആരംഭിച്ച തുകയല്ലാതെ പിന്നീട് വരവുകളൊന്നുമില്ല. ഒ.പി. ടിക്കറ്റിന് തുക ഈടാക്കിയതായും കാണുന്നില്ല. 2010-ലെ കേരള പഞ്ചായത്ത്രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങൾ പ്രകാരം മാനേജിംഗ് കമ്മറ്റി പുന:സംഘടിപ്പിച്ചിട്ടില്ല. പുതിയ ഭരണസമിതി നിലവിൽ വന്നതിന് ശേഷവും മാനേജിംഗ് കമ്മറ്റി പുന:സംഘടിപ്പിച്ചിട്ടില്ല.

ചെങ്ങളായി പ്രൈമറി ഹെൽത്ത് സെന്ററിലെ മാനേജിംഗ് കമ്മറ്റി കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ യോഗം ചേർന്നത് 27-01-14, 26-06-14, 20-10-14, 28-02-15 എന്നീ തീയതികളിൽ മാത്രമാണ്.

മാനേജിംഗ് കമ്മറ്റി, ചട്ട പ്രകാരം പുന:സംഘടിപ്പിക്കാത്തതിനും യോഗം ചേരാതിരുന്നതും മേൽ സൂചിപ്പിച്ച യോഗ തീരുമാനങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും വീഴ്ചയാണ്.

## 1-15 ഭൂസ്വത്തുക്കളുടെ പരിപാലനത്തിൽ വീഴ്ചകൾ:നികുതി ഒടുക്കുന്നതിനും പുഴപുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിനും സത്വരനടപടി

**സ്വീകരിക്കേണ്ടതാണ്.**

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്ഥലങ്ങൾക്ക് ഭൂനികുതി ഒടുക്കിയതായി കാണുന്നില്ല. പഞ്ചായത്തിന്റെ പേരിൽ ആധാര പ്രകാരം രജിസ്റ്റർ ചെയ്ത 4 ഏക്കർ 70 സെന്റ് സ്ഥലത്തിന് ഏറ്റവും ഒടുവിൽ ഭൂനികുതി ഒടുക്കിയത് സംബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ കയ്യേറിയതിനെതിരെ ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പുഴപുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിനും ഭൂനികുതി അടക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 17,600/- രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല.

2015-2016 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതു വരെയായും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറം വില | റിമാർക്സ് |
|---|---|---|---|---|
| 1 | മരുതേനി തോണിക്കയം റോഡിൽ തോടിന് പാലം നിർമ്മാണം (99/16) | 6,00,000 | 1200 | |
| 2 | ചുഴലി വയോജന വിശ്രമകേന്ദ്രം പുതിയ കെട്ടിട നിർമ്മാണം (147/16) | 13,72,306 | 5000 | ആദ്യടെണ്ടർ |
| 3 | ചുഴലി വയോജന വിശ്രമകേന്ദ്രം പുതിയ കെട്ടിട നിർമ്മാണം (147/16) | 13,72,306 | 5000 | റീടെണ്ടർ |
| 4 | ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ അംഗനവാടികളുടെ റിപ്പയർ (152/16) | 7,99,720 | 1600 | ആദ്യടെണ്ടർ |
| 5 | ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളുടെ റിപ്പയർ (152/16) | 7,99,720 | 1600 | റീടെണ്ടർ |
| 6 | തലക്കുളം അംഗൻവാടി കെട്ടിട നിർമ്മാണം | 7,97,311 | 1600 | ആദ്യടെണ്ടർ |

| | | | | |
|---|---|---|---|---|
| 7 | തലക്കുളം അംഗൻവാടി കെട്ടിട നിർമ്മാണം | 7,97,311 | 1600 | റീടെണ്ടർ |
| | ആകെ | | 17600 | |

ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫോറം വില ഇനത്തിലുള്ള 17,600/- രൂപ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 കച്ചവട സ്ഥാപനങ്ങൾക്ക് സാനിറ്റേഷൻ സർട്ടിഫിക്കറ്റില്ലാതെ ഡി&ഒ ലൈസൻസ് നൽകിയത് ക്രമപ്രകാരമല്ല.

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ആകെ ഡി&ഒ ലൈസൻസ് അനുവദിച്ച 295 സ്ഥാപനങ്ങളിൽ 55 സ്ഥാപനങ്ങൾക്ക് മാത്രമാണ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള സാനിറ്റേഷൻ സർട്ടിഫിക്കറ്റോടു കൂടി പ്രവർത്തിക്കുന്നത്. ബാക്കി 240 സ്ഥാപനങ്ങൾ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. സാനിറ്റേഷൻ സർട്ടിഫിക്കറ്റില്ലാതെ ഡി&ഒ ലൈസൻസ് അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

## 2-3 ലൈബ്രറി രശീത് വരവ് പഞ്ചായത്തിൽ ഫണ്ടിൽ കൃത്യമായി ഒടുക്കുന്നില്ല.

1.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ലൈബ്രറിയുടെ വരവിനത്തിൽ 01-04-11 മുതൽ 03-12-16 വരെയുള്ള തുക 292/- രൂപ 08-12-16-ന് മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നത്. ഭാവിയിൽ ഇത്തരത്തിലുള്ള വരവ് തുക കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-1,00,000/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 8/16

പ്രോജക്ടിന്റെ പേര് : ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1,00,000/- (മെയിന്റനൻസ് – റോഡിതരം)

ചെലവ് തുക : 1,00,000/-

ബിൽ നം/തിയ്യതി : 25/15-16/29-02-2016

വൗച്ചർ നം/തിയ്യതി : 21501199/04-03-2016

മേൽ പ്രൊജക്ടിന്റെ ഭാഗമായി ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിലേക്കായി 1,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റിവ് ലിമിറ്റഡ്, പാതിരപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിന് (ഡി.ഡി.നം.319911/03-03-2016) നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതു വരെയായും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിലുള്ള കാലതാമസം പ്രൊജക്ട് നിർവഹണത്തെയും ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനത്തെയും സാരമായി ബാധിക്കുന്നതായി കാണുന്നു. ഭാവിയിൽ കരാർ വ്യവസ്ഥ പ്രകാരമുള്ള കാലയളവിൽ മരുന്ന് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്ട് പ്രകാരമുള്ള മരുന്നുകൾ ലഭിക്കാത്തതിനാൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 തെയ്യം കലാകാരന്മാർക്ക് അണിയലം വാങ്ങുന്നതിന് ധനസഹായം നൽകൽ-അധികസബ്സിഡി അനുവദനീയമല്ല. 34,487/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ : 30/16 (തെയ്യം കലാകാരന്മാർക്ക് അണിയലം വാങ്ങുന്നതിന് ധനസഹായം നല്കൽ)

അടങ്കൽ : 1,00,000/- (വികസന ഫണ്ട് SCP)

ചെലവ് തുക : 79,975/-

ബിൽ നം/തിയ്യതി : 09/15-16/15-03-2016/69,975/-

ബിൽ നം/തിയ്യതി : 12/15-16/26-03-2016/10,000/-

മേൽ പ്രൊജക്ടിന്റെ ഭാഗമായി ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ തെയ്യം കലാകാരന്മാർക്ക് അണിയലം വാങ്ങുന്നതിനായി 9 ഗുണഭോക്താക്കൾക്ക് ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഉൽപ്പാദന മേഖലയിൽ വ്യവസായം, സ്വയം തൊഴിൽ സംരംഭങ്ങൾ, വിപണന പ്രോത്സാഹനം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് പ്രൊജക്ട് അംഗീകരിച്ചിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013/ 16.11.2013 ഖണ്ഡിക 3.7 പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 50% എന്ന പരിധിക്ക് വിധേയമായി പരമാവധി 20,000/- രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ 50% പരിധി കണക്കിലെടുക്കാതെ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം സബ്സിഡി അനുവദിച്ചതിനാൽ അധികമായി അനുവദിച്ച 34,487/- രൂപ നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 14/2015-16 /13-12-2016)

| ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവ് അണിയലം വാങ്ങിയതിന്റെ വിവരം | | | സബ്സിഡി അനുവദിച്ചതിന്റെ വിവരം | | | |
|---|---|---|---|---|---|---|---|
| | ചെലവ് | ബിൽ നം | സ്ഥാപനം | തുക | ചെക്ക്. നം/തി | നൽകാവുന്നത് | അധികം നല്കിയ തുക |

| | | | | | | | |
|---|---|---|---|---|---|---|---|
| കെ.പി.കുഞ്ഞിരാമ പെരുവണ്ണാൻ | 12000 | 100/ 22.03.16 | അംബിക ജ്വല്ലറി, തളിപ്പറമ്പ | 10000 | 320317/ 22.03.16 | 6000 | 4000 |
| സന്തോഷ് കെ.വി | 11200 | nil | വീയെസ്സ്ല് മ്യസിക്കൽസ്,ചക്കരക്കൽ | 10000 | 320312/ 22.03.16 | 5600 | 4400 |
| മോഹനൻ പെരുവണ്ണാൻ | 10400(ബിൽ പ്രകാരം കൂട്ടിയാൽ കിട്ടുന്ന തുക-8600/-രൂപ) | 342/ 19.02.16 | തരംഗം പൂജാസ്റ്റോർ& വാദ്യോപകരണങ്ങൾ,പൂവ്വം | 10000 | 320313/ 22.03.16 | 5200 | 4800 |
| ബാലൻ ഇ.കെ | 9975 | 174/ 18.02.2016 | സായി സ്റ്റീൽസ്,പയ്യന്നൂർ | 9975 | 320318/ 22.03.16 | 4988 | 4987 |
| നാരായണ പെരുവണ്ണാൻ | 10400 | 343/ 18.02.16 | തരംഗം പൂജാസ്റ്റോർ& വാദ്യോപകരണങ്ങൾ,പൂവ്വം | 10000 | 320314/ 22.03.16 | 5200 | 4800 |
| കുഞ്ഞിരാമ പണിക്കർ എം.വി | 12000 | 346/ 18.02.2016 | തരംഗം പൂജാസ്റ്റോർ& വാദ്യോപകരണങ്ങൾ,പൂവ്വം | 10000 | 320315/ 22.03.16 | 6000 | 4000 |
| പ്രേമൻ പണിക്കർ എം.വി | 12500 | 344/ 18.02.2016 | തരംഗം പൂജാസ്റ്റോർ& വാദ്യോപകരണങ്ങൾ,പൂവ്വം | 10000 | 320316/ 22.03.16 | 6250 | 3750 |
| ഗിരീഷ് കെ.വി. | 12500 | 354/ 18.02.2016 | തരംഗം പൂജാസ്റ്റോർ& വാദ്യോപകരണങ്ങൾ,പൂവ്വം | 10000 | 320562/ 30.03.16 | 6250 | 3750 |
| ആകെ | 90975 | | | 79975 | | 45488 | 34487 |

അധികസബ്സിഡി അനുവദനീയമല്ലാത്തതിനാൽ 34,487/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഐ.എ.വൈ.പഞ്ചായത്ത് വിഹിതം നല്കൽ - തുക യഥാർത്ഥത്തിൽ വിനിയോഗിക്കാതെ വിനിയോഗ സാക്ഷ്യപത്രം നല്കിയത്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി വിഹിതം നല്കൽ (എസ്.ടി, എസ്.സി) ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ എന്നീ പദ്ധതികളുടെ ഭാഗമായും വി.ഇ.ഒ നിർവ്വഹണം നടത്തിയ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി (ജനറൽ) ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതിയുടെ ഭാഗമായും ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ടതും തുക കൈപ്പറ്റിയതുമായ മുഴവൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | നൽകിയ | ഡി.ഡി. | രജിസ്റ്റർ പ്രകാരം | രജിസ്റ്റർ | ബാക്കി |
|---|---|---|---|---|---|

| നം/പേര്/ അടങ്കൽ | തുക | നം./ തിയ്യതി | തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | പ്രകാരം വിതരണം ചെയ്ത തുക | |
|---|---|---|---|---|---|
| 155/16 ഐ.എ.വൈ. വിഹിതം(ജനറൽ) | 5,40,000 | 320125, 15-03-16 | 23x20000 | 4,60,000 | 80,000 |
| 23/16 ഐ.എ.വൈ. വിഹിതം (പട്ടികജാതി) 2,40,000 (SCP) | 2,40,000 | 319839, 20-02-16 | 7x20,000 | 14,0000 | 1,00,000 |
| 24/16 ഐ.എ.വൈ. വിഹിതം (പട്ടികവർഗ്ഗം) 1,27,281 (Dev Fund (G))+ 19,100 (scp) | 5,100 | 320561, 30-03-16 | 3x32,500 | 97,500 | 48,881 |
| | 14,000 | 319837, 20-02-16 | | | |
| | 1,27,281 ആകെ 1,46,381 | 319838, 20-02-16 | | | |

പ്രോജക്ട് നമ്പർ 155/16 ഐ.എ.വൈ. വിഹിതം ജനറൽ പ്രകാരം കൈമാറിയ തുകയ്ക്ക് അർഹരായ 23 ഗുണഭോക്താക്കളുടെ വിവരം മാത്രമാണ് വി.ഇ.ഒ. ഹാജരാക്കിയത്.

പ്രോജക്ട് നമ്പർ 23/16 ഐ.എ.വൈ. വിഹിതം പട്ടികജാതി 12 ഗുണഭോക്താക്കൾക്ക് 20,000/- രൂപ നിരക്കിൽ അനുവദിക്കുന്നതിന് 2,40,000/- നല്കിയിട്ടുണ്ടെങ്കിലും ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് വി.ഇ.ഒ. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 7 പേർ മാത്രമാണ് നാളിതുവരെ ധനസഹായം കൈപ്പറ്റിയിരിക്കുന്നത്. മറ്റുള്ളവർ ഭിത്തി നിർമ്മാണം വരെയുള്ള പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ വിഹിതം അനുവദിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ 24/16 ഐഎവൈ വിഹിതം പട്ടികവർഗ്ഗം പ്രകാരം കൈമാറിയ തുകയ്ക്ക് അർഹരായ 3 ഗുണഭോക്താക്കളുടെ വിവരം മാത്രമാണ് വി.ഇ.ഒ. ഹാജരാക്കിയത്. ബാക്കി തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ.27/2015-16 /16-12-2016-ലൂടെ ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. എന്നിരുന്നാലും തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഐ.എ.വൈ. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് കൈപ്പറ്റിയ മുഴുവൻ തുകയ്ക്കും വിനിയോഗസാക്ഷ്യപത്രം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം നല്കിയിട്ടുണ്ട്. തുക പൂർണ്ണമായും വിനിയോഗിക്കാതെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

| നല്കിയ തുക | വിനിയോഗസാക്ഷ്യപത്രം നമ്പർ/ തീയ്യതി |
|---|---|
| 2,40,000 | 1065/15/UC(5)/02-07-2016 |
| 14,000 | 1065/15/UC(6)/02-07-2016 |
| 5,100 | 1065/15/UC(7)/02-07-2016 |
| 12,781 | 1065/15/UC(4)/12-07-2016 |
| 5,40,000 | 1065/15/UC(3)/12-07-2016 |

അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ചേരമൂല-ചെമ്പിലേരി റോഡ് ബി.ടി പാച്ച് വർക്ക് -കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

നിർവഹണം : അസിസ്റ്റന്റ് എൻജിനീയർ

പ്രോജക്ട് നം/പേര് : 126/16, ചേരമൂല-ചെമ്പിലേരി റോഡ് ബി.ടി പാച്ച് വർക്ക് ചെയിനേജ് 0/000-0/200 ഇടയിൽ

അടങ്കൽ : 150,000/- (മെയിന്റനൻസ് ഫണ്ട് –റോഡ്)

ചെലവ് വൗച്ചർ നമ്പർ : 15/15-16 തീയതി 15.03.16- 1,37,590/-രൂപ,
എം.ബുക്ക് നമ്പർ : 30/15-16

കരാറുകാരൻ : ശ്രീ പോൾ എം.ഡി.

നിരക്ക് : 0.6% കുറഞ്ഞ നിരക്ക്

ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് 0.6% കുറവു ചെയ്യാത്തതിനാൽ കരാറുകാരന് 892/- രൂപ അധികം നല്കാനിടയായിട്ടുണ്ട് .വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ആകെ പ്രവൃത്തി മൂല്യം | കുറവുചെയ്യേണ്ട ടെണ്ടർ കുറവ് (0.6%) | കുറവു ചെയ്തത് | അധികം നല്കിയത് |
|---|---|---|---|---|
| 1 | 1,48,688/- | 892 | 0 | 892 |

കരാറുകാരന് അധികം നൽകിയ 892/- രൂപ ഈടാക്കേണ്ടതാണ്.

## 3-5 പൊതുമരാമത്ത് പ്രവൃത്തികൾ: പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ഈടാക്കാത്തതും മറ്റ് അപാകങ്ങളും.

അസിസ്റ്റന്റ് എഞ്ചിനീയർ 2015-16 വർഷത്തിൽ നിർവഹണം നടത്തിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി

പൂർത്തിയാക്കാത്തതിനാൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ട നിയമാനുസൃതമായ പിഴ ഈടാക്കിക്കാണുന്നില്ല. ടെണ്ടർ ഷെഡ്യൂളിലോ, കരാറിലോ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധിപറഞ്ഞിട്ടില്ല. അതേസമയം ടെണ്ടർ പരസ്യത്തിൽ പൂർത്തീകരണ കാലാവധി 31.03.2015 ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ പ്രകാരം നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം 1% പിഴയോടെ 25% ദിവസവും, 2% പിഴയോടെ അടുത്ത 25% കൂടിയും മാത്രമെ ദീർഘീകരണം അനുവദിക്കാവൂ. ആകെ 50% ൽ കൂടുതൽ സമയം ദീർഘികരണം അനുവദിക്കാവുന്നതുമല്ല. എന്നാൽ പ്രവൃത്തി സമയ പരിധിക്കകം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ദീർഘീകരണത്തിന് കരാറുകാരൻ രേഖാമൂലം അപേക്ഷ നൽകുകയോ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പിഴ ഈടാക്കാതെ കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) <u>കൃഷിഭവൻ കോൺഫറൻസ് ഹാൾ മെച്ചപ്പെടുത്തൽ:</u>

| | | |
|---|---|---|
| പ്രൊജക്റ്റ് നം. | - | 52/16 (51/15 SO) |
| അടങ്കൽ | - | 5,50,000/- (മെയിന്റനൻസ് ഫണ്ട് –നോൺറോഡ്) |
| കരാറുകാരൻ | - | ശ്രീ.സതീശൻ ടി. |
| കരാർ തീയ്യതി | - | 06.02.2015 |
| പി.എ.സി | - | 5,50,000/- |
| പ്രവൃത്തി മൂല്യം | - | 5,21,090/- |
| വൗച്ചർ നം. | - | 8/30.01.2016/1,87,207/- രൂപ |
| വൗച്ചർ നം | - | 1/01.02.2016/1,31,315/- രൂപ |
| പൂർത്തികരിച്ച തീയ്യതി | - | 21.12.2015 |

<u>മറ്റ് അപാകങ്ങൾ:</u>

1) ബില്ലിൽ രേഖപ്പെടുത്തിയത് പ്രകാരം പ്രവൃത്തി തുടങ്ങിയ തീയതി 06-02-15ഉം കരാർ കാലാവധി 06-05-15ഉം പ്രവൃത്തി പൂർത്തീകരിച്ച തീയതി 21-12-15ഉം ആണ്. ഇതു പ്രകാരം കരാർ കാലാവധി 50 ശതമാനത്തിലുമധികം ദീർഘിപ്പിച്ചു നൽകിയിട്ടും പിഴ ഈടാക്കിയില്ല.

2) 25-03-2015-ന് 2,02,568/- രൂപ പാർട്ട് ബിൽ ലഭിച്ചതിന് ശേഷം കരാറുകാരൻ പ്രവൃത്തി നിർത്തി വച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് നൽകിയ 31-07-2015-ലെ നോട്ടീസിൽ നിന്ന് വ്യക്തമാണ്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് പ്രവൃത്തി വൈകുവാനിടയായതെന്ന് വ്യക്തമാണ്.

3) നിർവഹണ ഘട്ടത്തിലുണ്ടായ വ്യതിയാനവും എക്സ്ട്രാ ഐറ്റവും ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തുകയിൽ അധികമാവാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് 04-01-16-ലെ 8/2016(1) ഭരണസമിതി തീരുമാനമുണ്ട്. എന്നാൽ ഇതിന് മുൻപ് തന്നെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് (21-12-15). പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമുള്ള ഭരണസമിതി

തീരുമാനം ക്രമപ്രകാരമല്ല.

2) <u>പ്രവൃത്തിയുടെ പേര്-കുടുംബശ്രീ വിപണനകേന്ദ്രം ഒന്നാം നില പരിഷ്കരണം:</u>

പ്രൊജക്റ്റ് നം - 54/16 (84/15 SO)

അടങ്കൽ - 5,00,000/- (വികസന ഫണ്ട്)

കരാറുകാരൻ - നിഗേഷ് വി.വി

കരാർ തീയ്യതി - 21.02.2015

പി.എ.സി - 4,89,283/-

പ്രവൃത്തി മൂല്യം - 4,66,438/-

വൗച്ചർ നം. - 1/18.12.2015/1,86,863/- രൂപ
(2014-15-ൽ 2,79,575/- രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്)

പൂർത്തികരിച്ച തീയ്യതി - 14.05.2015.

3) <u>പ്രവൃത്തിയുടെ പേര്-തേർതല കമ്മ്യൂണിറ്റി ഹാൾ പരിഷ്കരണം:</u>

പ്രൊജക്റ്റ് നം - 59/16(52/15 SO)

അടങ്കൽ - 2,00,000/-

കരാറുകാരൻ - ടി.വി. ബാലകൃഷ്ണൻ

കരാർ തീയ്യതി - 06.02.2015

പി.എ.സി - 2,00,000/-

പ്രവൃത്തി മൂല്യം - 1,76,026/- രൂപ

ബിൽ നം. - 3/29.09.2015/1,76,026/- രൂപ

പൂർത്തികരിച്ചതീയ്യതി - 10.05.2015.

<u>മറ്റ് അപാകങ്ങൾ:</u>

1) ബില്ലിൽ രേഖപ്പെടുത്തിയത് പ്രകാരം പ്രവൃത്തി തുടങ്ങിയ തീയതി 06-03-15-ഉം കരാർ കാലാവധി 31-03-15-ഉം പ്രവൃത്തി പൂർത്തീകരിച്ച തീയതി 10-05-15-ഉം ആണ്. കരാർ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല.

2) നിർവഹണ ഘട്ടത്തിലുണ്ടായ വ്യതിയാനവും എക്സ്ട്രാ ഐറ്റവും ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തുകയിൽ അധികമാവാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് 30-07-2015-ലെ 108/2015(4) ഭരണസമിതി തീരുമാനമുണ്ട്. എന്നാൽ ഇതിന് മുൻപ് തന്നെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് (10-05-15). പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമുള്ള ഭരണസമിതി തീരുമാനം ക്രമപ്രകാരമല്ല.

3) കെട്ടിടനിർമ്മാണത്തിന് ടൈൽ പാകുന്നതിന് കരാറുകാരനായ ശ്രീ.ടി.വി.ബാലകൃഷ്ണൻ

വൈദ്യുതി എടുത്തതിനാൽ തേർതല കമ്മ്യൂണിറ്റി ഹാളിന്റെ വൈദ്യുതി ചാർജ് ഭീമമായ തോതിൽ വർദ്ധിച്ചതായും തുക കരാറുകാരനിൽ നിന്ന് ഈടാക്കുവാനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30-07-2015 ലെ 121/15(5) നമ്പർ പ്രകാരം തീരുമാനമെടുത്തിരുന്നു. എന്നാൽ കരാറുകാരന്റെ ബില്ലിൽ നിന്നും ഈയിനത്തിൽ തുകയൊന്നും കുറവ് ചെയ്തിട്ടില്ല.

4) പ്രവൃത്തിയുടെ പേര്-ഹോമിയോ ഡിസ്പൻസറിക്ക് പുതിയ മേൽക്കൂര സ്ഥാപിക്കൽ

പ്രൊജക്ട് നം-69/16(167/15 SO)

അടങ്കൽ-2,80,000/-

കരാറുകാരൻ-കെ.കെ. ബാലകൃഷ്ണൻ

കരാർ തീയ്യതി-06.02.2015

പി.എ.സി-2,75,590/-

പ്രവൃത്തി മൂല്യം-2,64,573/-രൂപ

സ്ഥലം കൈമാറിയ തീയ്യതി-06.02.2015

വൗച്ചർ നം-2/18.08.2015 /102748/-രൂപ(2014-15 വർഷത്തിൽ 161825/-രൂപ പാർട്ട് ബിൽ നൽകി)

പൂർത്തീകരിച്ച തീയ്യതി -10.07.2015.

മറ്റ് അപാകങ്ങൾ:ബില്ലിൽ രേഖപ്പെടുത്തിയത് പ്രകാരം പ്രവൃത്തി തുടങ്ങിയ തീയതി 07-02-15 ഉം കരാർ കാലാവധി 05-05-15 ഉം പ്രവൃത്തി പൂർത്തീകരിച്ച തീയതി 10-07-15 ഉം ആണ്. കരാർ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല

2)ഭരണസമിതിയുടെ 21-05-15 ലെ 90/15(5) നമ്പർ തീരുമാനപ്രകാരം ഹോമിയോ ഡിസ്പൻസറിയുടെ പഴയ മര ഉരുപ്പടികൾ, കാലിക്കുപ്പികൾ എന്നിവ ലേലം ചെയ്യുന്നതിന് NRHM മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രവൃത്തിയുടെ ഇനം 1, 2 (എം ബുക്ക് നമ്പർ പേജ് 1,2) പ്രകാരം പൊളിച്ച് മാറ്റിയ ഉപയോഗയോഗ്യമായ മരഉരുപ്പടികൾ, ഓട് മുതലായ സാധനങ്ങൾ ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 3-6 അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

സർക്കാരിന്റെ 12-04-2006 തീയതിയിലെ GO(P) 177/2006 FIN നമ്പർ ഉത്തരവ് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള ടി.ആർ-7എ മാതൃകയിലല്ല കാഷ് ബുക്ക് സൂക്ഷിച്ചിട്ടുള്ളത്. താഴെപ്പറയുന്ന രജിസ്റ്ററുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.പ്രോജക്ട് രജിസ്റ്റർ

2.പൂർത്തീകരണ പത്രം

3.ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ

4.ടെണ്ടർ സെയിൽ രജിസ്റ്റർ

5.സർക്കാരിലേക്ക് അടക്കുവാനുള്ള തുകകൾ സംബന്ധിച്ച രജിസ്റ്റർ, ഫയലുകൾ

6.വർക്ക് ബിൽ രജിസ്റ്റർ

7.മെഷർമെന്റ് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

## 3-7 സർക്കാർ അനുമതിയില്ലാതെ നിർവഹണ ഉദ്യോഗസ്ഥർക്ക് ലാപ് ടോപ് വാങ്ങിയത് ക്രമപ്രകാരമല്ല.1,01,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനും സെക്രട്ടറിക്കും ലാപ്ടോപ്പ് വാങ്ങുന്നതിനാണ് നിലവിൽ സർക്കാർ അനുമതിയുള്ളത്. 2015-16 വർഷത്തിൽ താഴെപ്പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടി ലാപ്ടോപ്പുകൾ വാങ്ങിക്കുകയുണ്ടായി. എന്നാൽ പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല. കൂടാതെ ക്വട്ടേഷൻ പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ് തന്നെയാണ് സ്ഥാപനം സപ്ലൈ ചെയ്തതെന്ന സാക്ഷ്യപത്രം പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗം പരിശോധിച്ച് നൽകിയിട്ടുമില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | പ്രൊജക്ട് വിവരങ്ങൾ | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | കാർഷിക മേഖല പരിശീലന ക്ലാസുകൾക്ക് ലാപ്ടോപ്പ് (പ്രൊ. നം.113/16) മെയിന്റനൻസ് ഫണ്ട് (റോഡിതരം), അടങ്കൽ-35,000/- വൗച്ചർ നമ്പർ-134/21-03-16, s2s2 കണ്ണൂർ. | 34,600 | പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചിട്ടില്ല. |
| 2 | മെഡിക്കൽ ഓഫിസർ | ആരോഗ്യമേഖലയിലെ പരിശീലനക്ലാസുകൾക്ക് ലാപ്ടോപ്പ് | 35,000 | ---ടി--- |

| | | | | |
|---|---|---|---|---|
| | (പിഎച്ച്സി) | (114/16, മെയിന്റനൻസ് ഫണ്ട് (റോഡിതരം), അടങ്കൽ-35,000/-, (ബിൽ നമ്പർ-5/15-16,30-01-16) | | |
| 3 | ഹെഡ് മാസ്റ്റർ | പരിപ്പായി ജി.എൽ.പി.സ്കൂളിന് ലാപ്ടോപ്പ് (114/16, മെയിന്റനൻസ് ഫണ്ട് (റോഡിതരം), അടങ്കൽ-35000/-, ബിൽ നമ്പർ-1/15-16,18-11-15, s2s2 കണ്ണൂർ) | 31,900 | ആവശ്യം വ്യക്തമല്ല. |
| | ആകെ | | 1,01,500 | |

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ 1,01,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രകാരം ലാപ്ടോപ് വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 പാടശേഖരസമിതിയുടെ അക്കൗണ്ടിലേക്ക് നൽകിയ സബ്സിഡിയുടെ വിതരണവിവരം ഹാജരാക്കിയില്ല- 3,98,640/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ കർഷകർക്കുള്ള സബ്സിഡി പാടശേഖരസമിതി മുഖേനയാണ് അനുവദിച്ചിട്ടുള്ളത്. പാടശേഖരസമിതിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത തുകയും പാടശേഖരസമിതി മുഖേന അനുവദിച്ച വിത്തുകളും വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് വിവരങ്ങൾ | വൗച്ചർ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സമഗ്രനെൽകൃഷിവികസനം,10/16,വികസനഫണ്ട്-273000/-,സ്വയം വഹിക്കുന്നത്-3,00,000/-,മറ്റുള്ളവ-1,20,000/-(ബ്ലോക്ക് പഞ്ചായത്ത്-45000/-,ജില്ലാപഞ്ചായത്ത്-75000) | ബിൽ നമ്പർ-5/15-16തീയതി 15-01-16 | 2,63,640 | 83,640/-രൂപ നെൽവിത്തിന്റെ വില (2500കി.ഗ്രാം).<br>1,80,000/-രൂപ കൂലിചെലവ് സബ്സിഡി |

| | | | | |
|---|---|---|---|---|
| | | | | |
| | | വൗച്ചർ നമ്പർ 16/31-10-15 (പ്ലാൻ കാഷ് ബുക്ക്) | 45,000 | കൂലിചെലവ് സബ്സിഡി ബ്ലോക്ക് വിഹിതം |
| 2 | നെല്ല് ഉൽപ്പാദനബോണസ് | ബിൽ നമ്പർ-2/15-16തീയതി 18-09-15 | 90,000/- | 2014-15 രണ്ടാംവിള,2015-16 ഒന്നാം വിള |
| | ആകെ | | 3,98,640 | |

പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകളും പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല.

1) പാടശേഖരസമിതിയുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തതിന്റെയും പിൻവലിച്ചതിന്റെയും കർഷകർക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ.

2) കൂലിചെലവ് സംബന്ധിച്ച വൗച്ചറുകൾ

3) വിള ഇൻഷുറൻസ് ചെയ്തതിന്റെ രേഖകൾ

4) ജില്ലാ പഞ്ചായത്ത് വിഹിതമായ 75,000/- രൂപ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും രേഖകൾ

5) നെൽവിത്ത് വിതരണം സംബന്ധിച്ച രേഖകൾ

6) ചെങ്ങളായി ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ പരിധിയിൽ നിലവിൽ എത്ര പാടശേഖരസമിതികൾ ഉണ്ട്. രജിസ്ട്രേഷൻ ഉള്ളത്, ഇല്ലാത്തത്, രജിസ്ട്രേഷൻ സ്ഥിരമായി പുതുക്കി വരുന്നത്, വരവ്-ചെലവ് കണക്കുകൾ സ്ഥിരമായി ഹാജരാക്കുന്നത് എന്നീ വിശദാംശങ്ങൾ

മേൽസൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 3,98,640/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 വാഴകൃഷി, പച്ചക്കറികൃഷി വികസന പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - 2,98,546/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവഹണം നടത്തിയ വാഴകൃഷി, പച്ചക്കറി കൃഷി വികസന പദ്ധതി പ്രൊജക്ടുകളിലെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങളുള്ളതിനാൽ 2,98,546/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രൊജക്ട് വിവരങ്ങൾ | വൗച്ചർ നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വാഴകൃഷി വികസന പദ്ധതി, 45/16, വികസന ഫണ്ട് -1,50,000/-, ഗുണ.വി-3,50,000/- | ബിൽ നമ്പർ-8/15-16 തീയതി 27-01-16 | 1,50,000/- | |
| 2 | പച്ചക്കറികൃഷി വികസന പദ്ധതി, 46/16, വികസനഫണ്ട്-1,50,000/- ഗു.വി -70,000/- | ബിൽ നമ്പർ-6/15-16 തീയതി 15-01-16 | 1,48546/- | |
| | ആകെ | | 2,98,546 | |

പ്രൊജക്ട് നിർവഹണത്തിലെ അപാകങ്ങൾ:

1) സർക്കാരിന്റെ 16-11-2013-തീയതിയിലെ ജി.ഒ.(എം.എസ്)362/2013 ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 3-1(കുറിപ്പ്-1 കാണുക)1 മുതൽ 6 വരെ ഇനങ്ങളിലുള്ള സബ്സിഡി പാട്ടഭൂമിയിൽ കൃഷി നടത്തുന്ന വ്യക്തികൾക്കും പാട്ടകൃഷി നടത്തുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്കും പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമ നൽകിയിട്ടുള്ള സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച രണ്ടു പ്രൊജക്ടുകളിലും പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമ നൽകിയിട്ടുള്ള സമ്മതപത്രമില്ലാതെയാണ് കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിച്ചത്.

2) വാഴകൃഷി വികസന പദ്ധതി പ്രകാരം നേന്ത്രവാഴക്കന്നുകൾ കൃഷി ഓഫീസർ വാങ്ങി വിതരണം ചെയ്തതായാണ് കാണുന്നത്. ഗുണഭോക്തൃ വിഹിതമായ 50,000/- രൂപ പിരിച്ചെടുത്തതിന്റെയും ചെലവഴിച്ചതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) ജൈവ വളത്തിന്റെ യൂണിറ്റ് കോസ്റ്റ് (ജില്ലാതലത്തിൽ നിശ്ചയിച്ചത്) എത്രയാണെന്ന് രേഖാമൂലം അറിയിച്ചിട്ടില്ല.

4) പ്രൊജക്ട് ലക്ഷ്യമിട്ടതും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും വ്യക്തിഗതമായാണ്. എന്നാൽ പ്രൊജക്ട് നിർവഹണം നടത്തിയത് ഗ്രൂപ്പ് അടിസ്ഥാനത്തിലാണ്. ഓരോ ഗ്രൂപ്പിലുമുള്ള അംഗങ്ങളുടെ എണ്ണം സംബന്ധിച്ച രേഖകളും മറ്റ് വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## **3-10** <u>പശ്ചിമഘട്ട വികസനപദ്ധതിയിലെ അപാകങ്ങൾ: ഗ്രാമപഞ്ചായത്ത് വിഹിതം ഇനത്തിലുള്ള **6,92,125/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

പരിപ്പായി, പാറക്കാടി നീർത്തടവികസന പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പഞ്ചായത്ത് വിഹിതം (10 ശതമാനം) കൃഷി ഓഫീസറുടെയും പ്രസിഡണ്ടിന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമനമ്പർ | പ്രൊജക്ട് വിവരങ്ങൾ | വൗച്ചർ നമ്പർ/ തീയതി | തുക | പ്രൊജക്ട് അടങ്കൽ |
|---|---|---|---|---|
| 1 | പാറക്കാടി നീർത്തട വികസന പദ്ധതിക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ, 11/16, വികസനഫണ്ട് – 3,92,125/- | ബിൽ നമ്പർ 4/15-16 തീയതി 15-10-15 | 3,92,125/- | 2013-14ഃ 19,59,319/-രൂപ 2014-15: 46,35,343/-രൂപ |
| 2 | പരിപ്പായി നീർത്തട വികസനപദ്ധതിക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ, 12/16, വികസനഫണ്ട്-3,00,000/- | ബിൽ നമ്പർ3/15-16 തീയതി 15-10-15 | 3,00,000/- | 2013-14: 25,56,527/-രൂപ 2014-15: 60,92,579/-രൂപ |

കൃഷി ഓഫിസർ ഹാജരാക്കിയ ചെലവ് വൗച്ചറുകളും ചെക്ക് ഇഷ്യൂ രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന പൊതുവായ അപാകങ്ങൾ കാണുന്നു.

1) പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും നികുതികൾ കുറവ് ചെയ്തിട്ടില്ല.

2) ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തിയത് വിരമിച്ച ഉദ്യോഗസ്ഥനാണ്.

3) സാധന സാമഗ്രികൾ വാങ്ങിയതിന്റെയും കൂലി നൽകിയതിന്റെയും ഗുണഭോക്തൃ സമിതിയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

4) ആസ്തികൾ ഗ്രാമപഞ്ചായത്തിന് രജിസ്റ്റർ ചെയ്ത് കൈമാറിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ചെക്ക് നമ്പർ/ തീയതി | തുക | ചെലവ് വിവരം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 02040542/22-06-15 (പാറക്കാടി) | 2,72,347 | കയ്യാലനിർമ്മാണം | ഗുണഭോക്തൃസമിതി കൺവീനർ ശ്രീ.കെ.കെ രഘുനാഥന് നൽകിയ തുക |
| 049723/25-01-16 | 2,25,000 | മഴവെള്ള സംഭരണി നിർമ്മാണം | ഗുണഭോക്തൃസമിതി കൺവീനർ ശ്രീ.പി.സി.ഫിലിപ്പിന് നൽകിയ തുക |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1-കാഷ് ബുക്ക്.

2-ഗുണഭോക്തൃസമിതിയുടെ ചെലവ് വൗച്ചറുകൾ(കോമൺ വർക്ക്സ്)

3-ഗുണഭോക്തൃസമിതി മിനുട്സ്,ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

4-നീർത്തട ഗ്രാമസഭ മിനുട്സ്

5-പാസ് ബുക്ക്

ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 2,08,875/-രൂപ ലഭിച്ചില്ല.

പരിപ്പായി വാട്ടർ ഷെഡ് ചെങ്ങളായി,ശ്രീകണ്ഠാപുരം(നിലവിൽ ശ്രീകണ്ഠാപുരം നഗരസഭ) ഗ്രാമപഞ്ചായത്തുകളുടെ സംയുക്തപ്രൊജക്ടാണ്.എന്നാൽ 2014-15 വർഷത്തേക്കുള്ള ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി നിശ്ചയിച്ച തുകയായ 2,08,875/-രൂപ ലഭിച്ചിട്ടില്ല. ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി നിശ്ചയിച്ച 2,08,875/-രൂപ ലഭ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറക്ക് മേൽസൂചിപ്പിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.മേൽ സൂചിപ്പിച്ച അപാകങ്ങൾ ഉള്ളതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതം ഇനത്തിലുള്ള 6,92,125/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 അംഗനവാടികളിലേക്കുള്ള ഭക്ഷ്യവസ്തുക്കളുടെ വിതരണം-ട്രാൻസ്പോർട്ട് കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്, സൂപ്പർവൈസർ

പ്രോജക്ട് നമ്പർ - 28/16

പ്രോജക്ടിന്റെ പേര് - അംഗൻവാടി ഫീഡിംഗ്

മേൽ പ്രൊജക്ടിന്റെ ഭാഗമായി ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന 37 അങ്കണവാടികളിലേക്കും ഒരു ശിശു മന്ദിരത്തിലേക്കും ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിന് മുഹമ്മദ് ഇഖ്ബാൽ എന്നയാൾ 2015-16 വർഷം താഴെ കൊടുത്തിരിക്കുന്ന പ്രകാരം പ്രതിഫലം കൈപ്പറ്റിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ട്രാൻസ്പോർട്ട് കരാറുകാരനായ ശ്രീ.മുഹമ്മദ് ഇഖ്ബാൽ എന്നവരിൽ നിന്ന് അവർക്ക് നൽകിയ

പ്രതിഫലത്തിന്റെ 1% നിരക്കിൽ ആദായനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ഡി.ഡി.നമ്പർ തിയ്യതി | കൈപ്പറ്റിയ തുക |
|---|---|
| 077414/14-09-2015 | 47,721 |
| 78765/15-12-2015 | 18,510 |
| 319178/16-01-2016 | 16,150 |
| 320448/28-03-2016 | 23,616 |
| ആകെ | 1,05,997 |

## 3-12 മുച്ചക്രവാഹന വിതരണം-ഡ്രൈവിംഗ് ലൈസൻസില്ലാത്ത ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയത് ക്രമപ്രകാരമല്ല. 1,39,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നമ്പർ - 06/16

പ്രോജക്ടിന്റെ പേര് - ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള മുച്ചക്ര വാഹന വിതരണം

അടങ്കൽ - 1,50,000/- രൂപ

ബിൽ നമ്പർ - 12/15-16, തുക-1,39,000/- തീയതി 28.03.2016

2015-16 വർഷം മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന ശ്രീ.രജീഷ് കാക്കാമണി വാർഡ് VI, ശ്രീ.പി.അനീസ്, വാർഡ് II എന്നിവർക്ക് മുച്ചക്ര വാഹനം കെൽട്രോൺ എന്ന സ്ഥാപനത്തിൽ നിന്നും (1,39,000/- ഡി.ഡി നമ്പർ 320658/31.3.16) വാങ്ങി നൽകിയിട്ടുണ്ട്. വാഹനം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ലൈസൻസ് ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-13 പ്രത്യേക കേന്ദ്രസഹായം ഫണ്ട്(എസ്.സി.എ ഫണ്ട്)-

**അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 2,83,358/-രൂപയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിലില്ല.**

സംസ്ഥാന സർക്കാർ കുടുംബശ്രീക്ക് അനുവദിച്ച പ്രത്യേക കേന്ദ്രസഹായം ഫണ്ടിനത്തിൽ കുടുബശ്രീ കാഷ് ബുക്ക് പ്രകാരം 72,446/- രൂപയാണ് (28-10-13-ന് രേഖപ്പെടുത്തിയ വിവരം) നീക്കിയിരിപ്പുള്ളത്. എന്നാൽ പ്രത്യേക കേന്ദ്രസഹായം ഫണ്ട് നിക്ഷേപിച്ച എസ്.ബി.ടി. ശ്രീകണ്ഠാപുരം ശാഖ അക്കൗണ്ടിൽ (നമ്പർ-57044737360) 25-04-16-ന് 2,83,358/- രൂപ നീക്കിയിരിപ്പ് കാണുന്നു. കാഷ് ബുക്ക്-പാസ് ബുക്ക് നീക്കിയിരിപ്പിലെ വ്യത്യാസം റീകൺസിലിയേഷനിലൂടെ ശരിയാക്കിയിട്ടുമില്ല. കാഷ് ബുക്ക്-പാസ് ബുക്ക് നീക്കിയിരിപ്പിലെ വ്യത്യാസം സംബന്ധിച്ചും നീക്കിയിരിപ്പുള്ള തുകയുടെ സ്രോതസ്സ് സംബന്ധിച്ചും മറുപടി രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## 3-14 ആശ്രയ ചികിത്സ ഫണ്ടിനത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച 75,000/- രൂപ ചെലവഴിക്കാതെ കിടക്കുന്നു.

ആശ്രയ ചികിത്സ ഫണ്ടിനത്തിൽ 75000/- രൂപ ചെങ്ങളായി പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർക്ക് അനുവദിക്കുകയും 17-01-12-ന് കേരള ഗ്രാമീൺ ബാങ്ക്, ചെങ്ങളായി ശാഖയിൽ നിക്ഷേപിക്കുകയുമുണ്ടായി. പ്രസ്തുത തുക അക്കൗണ്ടിൽ നിക്ഷേപിച്ചതല്ലാതെ ചെലവഴിച്ചിട്ടില്ല. 01-02-2016-ന് പലിശയുൾപ്പെടെ പ്രസ്തുത അക്കൗണ്ടിൽ 88,462/- രൂപ നീക്കിയിരിപ്പുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമായതിനാലാണ് ഫണ്ട് ചെലവഴിക്കാതിരുന്നതെന്ന് മെഡിക്കൽ ഓഫീസർ അറിയിക്കുകയുണ്ടായി. ആശ്രയ പദ്ധതിക്കായി അനുവദിച്ച സർക്കാരിന്റെ ഫണ്ട് മുടങ്ങി കിടക്കുന്ന നിക്ഷേപമായി കിടക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 പാലിയേറ്റിവ് പരിചരണം :- ഭക്ഷണ ചെലവ്, വണ്ടി വാടക ഇനത്തിൽ സർക്കാർ നിശ്ചയിച്ച തുകയെക്കാൾ അധികം നൽകി 23,130/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : സ്നേഹ സ്പർശം പാലിയേറ്റിവ് പരിചരണ പരിപാടി

പ്രോജക്ട് നമ്പർ :21/16

| | |
|---|---|
| അടങ്കൽ | : 3,00,000/- (വികസന ഫണ്ട്) |
| | : 1,00,000/- (ജില്ലാ പഞ്ചായത്ത്) |
| ബിൽ നമ്പർ | : 6/15-16 തുക 91,343/- തീയതി 18.02.2016 |
| ചെക്ക് നമ്പർ | : 035693 തീയതി 31.03.2016 തുക 48,214/- |
| നിർവ്വഹണം | : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

29.10.2015-ലെ ജി.ഒ.(ആർ.ടി) 3217/15 തസ്വഭവ ഉത്തരവ് പ്രകാരം പാലിയേറ്റിവ് പരിചരണ പദ്ധതിയുടെ ഭാഗമായി ഹോം കെയർ പ്രവർത്തനത്തിനായി ഉപയോഗിക്കുന്ന വാഹനത്തിന് നൽകാവുന്ന വാടക തുക പരമാവധി ഒരു ദിവസത്തേക്ക് 1,100/- രൂപയാണ്. എന്നാൽ 2015-16 വർഷം നടപ്പാക്കിയ പാലിയേറ്റീവ് പരിചരണ പ്രോജക്ടിന്റെ ഭാഗമായി രോഗികളെ സന്ദർശിക്കുന്നതിനു വേണ്ടി വാഹനം വാടകയ്ക്ക് എടുത്ത ഇനത്തിൽ ശ്രീ. ടി.വി.പുഷ്കരാക്ഷൻ (KL 13D 189 നമ്പർ ജിപ്പ്) എന്നവർക്ക് പ്രതിദിനം 1,100/- രൂപയിലുമധികം വാഹന വാടക നൽകിയതു വഴി 14,550/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. കൂടാതെ മേൽ ഉത്തരവ് പ്രകാരം ഹോം കെയർ സന്നദ്ധ പ്രവർത്തനങ്ങൾക്കായി ഭക്ഷണ ചെലവിനായി ഒരു ദിവസം പരമാവധി ചെലവഴിക്കാവുന്നത് 180/- രൂപയാണ് (ഒരാൾക്ക് 60/- രൂപ നിരക്കിൽ പരമാവധി 3 പേർക്ക്). എന്നാൽ മേൽ പദ്ധതിക്കു വേണ്ടി ഭക്ഷണ ചെലവിനത്തിൽ ഒരു ദിവസം 342/- രൂപ നിരക്കിൽ അനുവദിച്ചത് വഴി 8,580/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ അധിക നിരക്കിൽ 23,130/- (14,550+8580) രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ല. മേൽ കാരണങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 21 തീയതി 14-12-16 മറുപടിയിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13-01-16-ൽ ചേർന്ന പി.എം.സി യോഗത്തിൽ തൻവർഷം ഉത്തരവ് നടപ്പിലാക്കുമ്പോൾ പാലിയേറ്റിവ് പരിചരണ പരിപാടിക്ക് തടസ്സം നേരിടുമെന്ന കാരണത്താലാണ് അധികം തുക നൽകിയത് എന്നാണ് അറിയിച്ചത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി മേൽ പദ്ധതിക്കുവേണ്ടി അധികം ചെലവഴിച്ച 23,130/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി തിരിച്ചടച്ച തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചത് ക്രമവിരുദ്ധം

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാത്തതിനാൽ തിരിച്ചടച്ച തുകയായ 1,02,466/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട വായ്പാതുകയിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത്-സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റി ഓരോ മാസവും നല്കുന്ന ഡിമാന്റ് നോട്ടിസിന്റെ അടിസ്ഥാനത്തിൽ 26 ടാപ്പുകൾക്കുള്ള വാട്ടർ ചാർജ്ജായി 11,375/- രൂപ എല്ലാ മാസവും ഗ്രാമപഞ്ചായത്ത് അധികൃതർ വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഡിമാന്റ് നോട്ടീസിൽ പറയുന്ന അത്രയും പൊതു ടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നുള്ള കണക്കെടുപ്പോ, വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധനയോ ഇതേവരെ നടത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം. 2205/89/ KWA/HO(F)22.3.1999 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ കൂടി ഒരു മിനുട്ടിൽ ശരാശരി 5 ലിറ്റർ എന്ന തോതിൽ ശരാശരി 8 മണിക്കൂർ നേരത്തേക്ക് പ്രതിദിനം 2.4 കിലോ ലിറ്റർ എന്ന കണക്കിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജലലഭ്യത, പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം എന്നിവയെ സംബന്ധിച്ച് കൃത്യമായ കണക്കില്ലാതെ വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന തുക അതേപടി ഒടുക്കി വരികയാണ് ചെയ്തു വരുന്നത് ടാപ്പുകളുടെ എണ്ണവും, പ്രവർത്തനക്ഷമതയും തിട്ടപ്പെടുത്തുന്നതിന് കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്താതെ വാട്ടർ അതോറിറ്റി ഡിമാൻഡ് നോട്ടീസിൽ ആവശ്യപ്പെടുന്ന തുക അതേപടി ഒടുക്കുന്നത് ശരിയല്ല. ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ദുരിതാശ്വാസനിധി - അവലോകനം

കേരളാ പഞ്ചായത്ത്രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരം ചെങ്ങളായി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് (അക്കൗണ്ട് നം. 5241) ഗ്രാമീണ ബാങ്കിൽ ആരംഭിക്കുകയും സംഭാവനയിലൂടെയും മറ്റുമായി നിധിയിലേക്ക് ധനം സമാഹരിക്കുകയും ചെയ്തിട്ടുണ്ട് .

2015-16 വർഷത്തെ ദുരിതാശ്വാസ നിധി കണക്കിന്റെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 13,39,985 |
| വരവ് | 3,31,664 |
| ആകെ | 16,71,649 |
| ചെലവ് | 4,43,000 |
| നീക്കിയിരിപ്പ് | 12,28,649 |

ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് 2015-16 വർഷം 93 പേർക്ക് 2,500/- രൂപ മുതൽ 5,000/- രൂപ വരെയുള്ള തുക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ ഫണ്ട് ശേഖരണവും വിനിയോഗവും ഫലപ്രദമായും ജനോപകാരപ്രദമായും നടത്തികൊണ്ടുപോകുന്നുവെന്നത് അഭിനന്ദനാർഹമായ വസ്തുതയാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (രജിസ്റ്റർ പ്രകാരമുള്ളത്)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2013-14 | 60,00,000 | ഭവനപദ്ധതി (പട്ടികജാതി) | 42,10,000 | 17,90,000 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2013-14 | 15,00,000 | ഭവനപുനരുദ്ധാരണം (പട്ടികജാതി) | 11,37,500 | 3,62,500 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2014-15 | 3,00,000 | പാലിയേറ്റീവ് കെയർ | 2,40,024 | 59,976 |
| ജില്ലാപഞ്ചായത്ത്, കണ്ണൂർ | 2015-16 | 1,00,000 | പാലിയേറ്റീവ് കെയർ (112/160) | 0 | 1,00,000 |
| ശുചിത്വമിഷൻ | 2015-16 | 3,94,200 | ലഭ്യമല്ല | 3,94,200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് തളിപ്പറമ്പ | 2015-16 | 48,175 | ശാരീരികമാനസിക വെല്ലുവിളികൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. (14/16) | 48,175 | 0 |

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി മേൽ തുക പൊരുത്തപ്പെടുന്നില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | വർഷം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | തുക | ക്രമീകരിച്ച തുക | ബാക്കി |
|---|---|---|---|---|---|---|---|
| 1 | 2015-16 | കെ.കെ.മോഹനൻ, ഹെഡ്മാസ്റ്റർ | കൊയ്യം ജി.എച്ച്.എസ്.എസ് കെട്ടിടനിർമ്മാണം എം.പി. ഫണ്ട് | 21500871/ 09-12-15 | 2,50,000 | 0 | 2,50,000 |
| 2 | -ടി- | സി.വി നാരായണൻ | മുക്കാടം കുണ്ടംകൈ റോഡ് ടാറിംഗ് എം.പി. ഫണ്ട് | 21500365/ 22-07-15 | 1,00,000 | 0 | 1,00,000 |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് വന്ന തുകയുടെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | മുതൽ | പലിശ |
| 2014-15 | ഇ.എം.എസ് ഭവനപദ്ധതി | സ.ഉ.(സാ). നം.274/2010 തീയതി | 1,62,96,000 | 81,55,100 | 16,29,600 | ഇല്ല | 65,25,500 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 27-01-2010 | | | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,20,000 |
| തൻവർഷം നിക്ഷേപിച്ച തുക | 17,65,318 |
| ആകെ | 27,85,318 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 27,85,318 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കൊയ്യം സർവീസ് സഹകരണബാങ്ക്,കൊയ്യം മെയിൻ ശാഖ | |
| നമ്പർ: 6340/23-12-15 | 10,65,318/- (കാലാവധി തീയതി-20-12-16, പലിശനിരക്ക് -9.25%) |
| നമ്പർ:6649/23-03-16 | 7,00,000/- (കാലാവധി തീയതി-23-03-17, പലിശനിരക്ക് - 9.25%) |
| ആകെ | 17,65,318 |
| ചുഴലി സർവീസ് സഹകരണബാങ്ക്, ചുഴലി മെയിൻ ശാഖ | |
| നമ്പർ: 3954/22-03-16 | 10,00,000/- (കാലാവധി തീയതി 22-03-17, പലിശ നിരക്ക് -9.25%) |

| | |
|---|---|
| ആകെ | 10,00,000 |
| ഓഹരി സർട്ടിഫിക്കറ്റ് | |
| നമ്പർ: 023/16-11-14 | 20,000/- |
| ആകെ | 20,000 |
| ആകെ മൊത്തം | 27,85,318 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-2002 | 10 | 2004-05 | 3-13-1-11-2 | പെരിങ്കോന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കാത്തത് | പദ്ധതി പൂർത്തീകരിച്ച് രേഖകൾ പരിശോധനക്ക് ഹാജരാക്കിയതായി അറിയിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,72,69,188 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,31,27,909 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35,379 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,52,941 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 34,487 | ഷാജികുമാർ പി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | | 892 | ഉല്ലാസൻ സി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,00,000 | കെ.വി. ഹരിദാസ്, സെക്രട്ടറി |
| 3-7 | 1,01,500 | ശ്രീ.ബിജു ജോസഫ്, കൃഷി ഓഫീസർ – 34600 |

| | | |
|---|---|---|
| | | ഡോ:രശ്മി മാത്യു,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) -35000<br>ശ്രീ.ടി. ശശികുമാർ, ഹെഡ്മാസ്റ്റർ 31900 |
| 3-8 | 398640 | ശ്രീ.ബിജു ജോസഫ്, കൃഷി ഓഫീസർ |
| 3-9 | 2,98,546 | -ടി- |
| 3-10 | 6,92,125 | -ടി- |
| 3-12 | 1,39,000 | ശ്രീമതി.ജയമിനി കെ,<br>ഐസിഡിഎസ് സൂപ്പർവൈസർ |
| 3-15 | 23,130 | ഡോ.രശ്മി മാത്യു, മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി, ചെങ്ങളായി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-5.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ ഔദ്യോഗികമേൽവിലാസവും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജികുമാർ.പി<br>അസി.സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, | പനക്കപ്പറമ്പിൽ,<br>അമ്പലവയൽ,<br>വയനാട് (പി.ഒ) |
| ഉല്ലാസൻ സി.പി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | | പുതിയപുരയിൽവീട്,<br>ചൊവ്വ(പി.ഒ),കണ്ണൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (പദ്ധതിചെലവ്) | എൽ.എഫ്/കെ.എൻ.ആർ/സി1/203/09 (05) തീയതി 30-06-2009 | 1 |
| 2002-2003 | എൽ.എഫ്/കെ.എൻ.ആർ/സി1/203/09(7) തീയതി 30-06-2009 | 1 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/സി6/1472/13 (1) തീയതി 04-02-2014 | 5 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി6/1472/13 (2) തീയതി 04-02-2014 | 4 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/സി6/1472/13 (3) തീയതി 04-02-2014 | 8 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി1/834/10 തീയതി 05-06-12 | 11 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി1/835/10 തീയതി 09-01-12 | 14 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി-6/224/14 തീയതി 18-03-2014 | 16 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/സി6/607/15(1) തീയതി 30-07-15 | 06 |
| 2010-11&2011-12 | എൽ.എഫ്/കെ.എൻ.ആർ/സി6/1647/13 തീയതി 18-02-2014 | 17 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി6/1288/15 തീയതി 01-04-2016 | 06 |

| | | |
|---|---|---|
| 2013-14 & 2014-15 | എൽ.എഫ്/കെ.എൻ.ആർ/സി6/1335/16 തീയതി 29-07-2016 | 02 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

# Audit Certificate

No.KSA/KNR/C3/2187/2016.

Kerala State Audit Department
District Audit Office, Kannur-670 001
Phone: 0497 2707698
e-Mail:doknr.ksad@kerala.gov.in
Dt: 07-02-2017.

Certified that I have audited the annual Financial Statement of Chengalayi Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Chengalayi Grama Panchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Officer, Kannur.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/2187/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001.
ഫോൺ:0497 2707698.
ഇ-മെയിൽ:doknr.ksad@kerala.gov.in
തീയ്യതി: 07-02-2017.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം -2

## ബാലൻസ് ഷീറ്റ്

BALANCE SHEET OF CHENGALAI GRAMA PANCHAYATH AS ON 31-3-2016

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat Fund | B-1 | 14713600.12 |
| 311000000 | Earmarked Funds | B-2 | 1231897.00 |
| 312000000 | Reserves | B-3 | 33311089.00 |
| | Total Reserve & Surplus | | 49256586.12 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 6740967.00 |
| | Total Grants,Contribution for specific purposes | | 6740967.00 |
| | Current Liabilities and Provisions | | |
| 330000000 | Loans<br>secured Loans | B-5 | 6525500.00 |
| | Total Loans | | 6525500.00 |
| 340000000 | Deposits Received | B-7 | 538921.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 1480962.88 |
| | Total Current Liabilities and Provisions | | 2019883.88 |
| | TOTAL LIABILITIES | | 64542937.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 36247348.00 |
| 411000000 | Accumulated Depreciation | B-11 | (5686779.00) |
| 412000000 | Capital Work In Progress | B-11(a) | 0 |
| | Total Fixed Assets | | 30560569.00 |
| 420000000 | Investments<br>*Investments* | B-12 | 2785318.00 |
| | Total Investments | | 2785318.00 |
| | Current Assets,Loans and Advances | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 2083401.00 |
| 440000000 | Pre-paid Expenses | B-16 | 6423034.00 |
| 450000000 | Cash and Bank balance | B-17 | 22416415.00 |
| 460000000 | Loans, Advances and Deposits | B-18 | 274200.00 |
| | Total Current Assets,Loans and Advances | | 31197050.00 |
| | TOTAL ASSETS | | 64542937.00 |

## അനുബന്ധം -3

## ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ്

INCOME AND EXPENDITURE STATEMENT OF CHENGALAI GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3887533.00 |
| 140000000 | Fees & User Charges | I-4(b) | 374022.00 |
| 150000000 | Sale & Hire Charges | I-5(b) | 1153224.00 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 92174371.00 |
| 170000000 | Income from Investments | I-7 | 65,318.00 |
| 171000000 | Interest Earned | I-8 | 164225.00 |
| 180000000 | Other Income | I-9 | 85.00 |
| A | Total Income | | 97818778.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6918353.00 |
| 220000000 | Administrative Expenses | I-11(b) | 1123299.00 |
| 230000000 | Operations & Maintenance | I-12(b) | 1121160.00 |
| 240000000 | Interest & Finance Charges | I-13 | 888.00 |
| 250000000 | Decentralised Plan Programme Productive Sector | I-14 | 10944928.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28095844.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 558565.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 322566.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 36226919.00 |
| 255000000 | Maintenance Projects | I-14(e) | 600165.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 319526.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 2456867.00 |
| B | Total Expenditure | | 94089080.00 |
| C=A-B | Gross Surplus / Defict Income over Expenditure | | 3729698.00 |
| D= 280000000 | Prior Period Item | I-18 | 1627927.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 2101771.00 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-4

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

RECEIPT AND PAYMENT STATEMENT OF CHENGALAI GRAMA PANCHAYATH FOR THE PERIOD FROM 1-4-2015 TO 31-3-2016

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 38159828.00<br>115308.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 874950.00 |
| 140000000 | Fees & User Charges | RP-4 | 299792.00 |
| 150000000 | Sale & Hire Charges | RP-5 | 1130604.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9779090.00 |
| 171000000 | Interest Earned | RP-9 | 164225.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21694484.00 |
| 350000000 | Other Liabilities | RP-36 | 7195680.00 |
| Non Operating | | | |
| 180000000 | Other income | Rp-10 | 85.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 331664.00 |
| 340000000 | Deposits Received | RP-34 | 2501030.00 |
| 350000000 | Other Liabilities | RP-36 | 1172471.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2115113.00 |
| 460000000 | Loans,Advances and Deposits | RP-47 | 10000.00 |
| Grand Total | | | 85544324.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2173294.00 |
| 220000000 | Administrative Expenses | RP-12 | 1118299.00 |
| 230000000 | Operations & Maintenance | RP-13 | 1121160.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6445152.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10200112.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 558565.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 322566.00 |

| | | | |
|---|---|---|---|
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 762999.00 |
| 255000000 | Maintance Projects | RP-20 | 6000165.00 |
| 256000000 | Other Revenue Grants and Funds- Revenue Expenses | Rp-21 | 319526.00 |
| 256000000 | Prior period Item | RP-26 | -1239.00 |
| 260000000 | Grants, Funds & Contributions for Specific purposes | RP-31 | 3168999.00 |
| 280000000 | Prior Perid Items | RP-36 | 11252699.00 |
| Non Operating | | | |
| 240000000 Inerest and Finance charges | | Rp-14 | 888.00 |
| 311000000 | Earmarked Funds | RP-29 | 443000.00 |
| 330000000 | Secured Loans | RP-32 | 1629600.00 |
| 340000000 | Deposits Received | RP-34 | 2460570.00 |
| 350000000 | Other Liabilities | RP-36 | 2525285.00 |
| 410000000 | Fixed Assets | RP-38 | 7800579.00 |
| 412000000 | Capital Work in Progress | RP-40 | 3029690.00 |

| | | | |
|---|---|---|---|
| 420000000 | Investments | Rp-41 | 1700000.00 |
| 460000000 | Loans, Advances and Deposits | RP-47 | 96000.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 22358181.00<br>58234.00 |
| Grand Total | | | 85544324.00 |